"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ ജോലി അനുഷ്ഠിച്ചു വരുന്ന ശ്രീമതി.കുസുമകുമാരി.ആർ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1511/2024 നമ്പർ കേസിലെ 01.10.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2433/2024/LSGD തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 തീയതിയിലെ LSGD/PD/6478/2024-DED1-Part(1) നമ്പർ ഉത്തരവ്.
2. ശ്രീമതി.കുസുമകുമാരി.ആർ. പൊതുസ്ഥലം മാറ്റഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്ഷ്വർ എ5)
3. ശ്രീമതി.കുസുമകുമാരി.ആർ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1511/2024 നമ്പർ കേസിലെ 01.10.2024 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓൺലൈൻ പോർട്ടൽ മുഖേനയുള്ള റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ ജോലി അനുഷ്ഠിച്ചു വരുന്ന ശ്രീമതി.കുസുമകുമാരി.ആർ. പൊതുസ്ഥലംമാറ്റഓൺലൈൻ പോർട്ടൽ മുഖേന അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയത്തിൽ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1511/2024 നമ്പർ കേസിലെ 01.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം, അപേക്ഷകയുടെ അസൗകര്യം കണക്കിലെടുത്ത്, അപേക്ഷക ഫയൽ ചെയ്ത അനക്ഷ്വർ എ5 അപ്പീൽ പരിശോധിച്ച്, ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.കുസുമകുമാരി ആർ, തസ്വഭവ വകുപ്പിലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി സമർപ്പിച്ച ഓൺലൈൻ അപ്പീൽ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ജെ പി എച്ച് എൻ ആയി ജോലി അനുഷ്ഠിച്ചു വരുന്ന തന്നെ 2024 ജനറൽ ട്രാൻസ്ഫറിൽ കോഴിക്കോട് ജില്ലയിൽ വടകര മുനിസിപ്പാലിറ്റിയിൽ മാറ്റി നിയമിച്ചിരിക്കുന്നതായും, കരട് ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെട്ടിരുന്നില്ല, പ്രോമോഷൻ ഇല്ലാത്ത ഈ കാറ്റഗറിക്ക് ജില്ല മാറ്റി നിയമനം നടത്തിയതായി നാളിതുവരെ കാണുന്നില്ല,

എസ് സി വിഭാഗത്തിൽപ്പെടുന്ന 54 വസ്സുള്ള തനിക്ക് റിട്ടയർമെൻറിന് രണ്ടരവർഷം മാത്രമാണ് ഉള്ളത്, വാർദ്ധക്യത്തിലുള്ള 85 വയസ്സുള്ള പിതാവ് സ്ട്രോക്ക് വന്ന് കിടപ്പിലും 80 വയസ്സുള്ള അമ്മ ന്യൂറോ രോഗവും കാഴ്ചയ്ക്ക് ബുദ്ധിമുട്ടുണ്ട്, ഭർത്താവിന് പ്രമേഹ സംബന്ധമായി കാലുകൾക്ക് ബലക്കുറവും നടക്കാൻ ബുദ്ധിമുട്ടുള്ള അവസ്ഥയിലും ഹാർട്ട് സർജറി കഴിഞ്ഞ് ചികിത്സയിലുമാണ്, വിദ്യാർത്ഥിയായ മകനും വിവാഹപ്രായമായ 24 വയസ്സുള്ള മകൾ ഉണ്ട് . എല്ലാവരും തന്റെ സംരക്ഷണയിലാണ് കഴിഞ്ഞുവരുന്നത്,അപ്രതീക്ഷിതമായ ഈ സ്ഥലമാറ്റം ഇവരുടെയും തന്റെയും ദൈനദിനകാര്യങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കും എന്നിങ്ങനെയുള്ള കാരണങ്ങളാൽ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ ഒഴിവ് ഉള്ളതിനാൽ ജില്ലയിൽത്തന്നെ നിലനിർത്തണമെന്ന് അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിച്ച പരാമർശം 4 റിപ്പോർട്ട് പ്രകാരം ശ്രീമതി.കുസുമകുമാരി തിരുവനന്തപുരം കോർപ്പറേഷനിൽ 2016 മുതൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 എന്ന തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതായും 06.03.2024ലെ സ.ഉ(കൈ)നം.46/2024/LSGD ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് 2024 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ചിട്ടുള്ളത് എന്നും ടി ഉത്തരവിലെ ഖണ്ഡിക 2(ബി) പ്രകാരം ഒരു ആഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ അതാത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർ നിർബന്ധമായും ട്രാൻസ്ഫർ അപേക്ഷ നൽകണമെന്നും അല്ലാത്തപക്ഷം പ്രസ്തുതജീവനക്കാരനെ പൊതുസ്ഥലം മാറ്റത്തിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചവരെ പരിഗണിച്ചതിനു ശേഷമുള്ള ഒഴിവിലേക്ക് പരിഗണിക്കുകയുള്ളു എന്നും ടി ജീവനക്കാരനെ നിയമിക്കുന്നത് നിലവിലെ ജില്ലയിൽ ഒഴിവുകൾ ഇല്ലാത്തപക്ഷം മറ്റ് ജില്ലകളിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ നിലവിലെ ആഫീസായ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും വടകര മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റത്തിന് വിധേയമാക്കിയത്. ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2016 മുതൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 എന്ന തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.കുസുമകുമാരിയെ, തിരുവനന്തപുരം ജില്ലക്ക് അകത്ത് നിലനിർത്തണമെന്ന അപേക്ഷ സ്ഥലംമാറ്റ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരിഗണനാർഹമല്ലായെന്ന് കാണുന്നു. ആയതിനാൽ ടിയാളുടെ അനക്ഷ്വർ എ5 അപ്പീൽ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1511/2024 നമ്പർ കേസിലെ 01.10.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീമതി.കുസുമകുമാരി.ആർ., ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 11-12-2024 16:44:33
സെക്ഷൻ ഓഫീസർ